**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2953** **13-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യവും മത്സ്യോല്പന്നങ്ങളും ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | രാസവസ്തുക്കൾ ചേർക്കാത്തതും ഉയർന്ന ഗുണനിലവാരമുള്ളതുമായ മത്സ്യവും മത്സ്യോല്പന്നങ്ങളും ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | മത്സ്യത്തിൽ മായം ചേർക്കൽ, രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നത്, രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണത എന്നിവ നിയന്ത്രിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയ്ൻറ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻറിംഗ് സെൻററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തി വരുന്നു. പ്രസ്തുത പരിശോധനയിൽ രാസ പദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്ക് തന്നെ തിരിച്ച് അയക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. അമോണിയ, ഫോർമാലിൻ എന്നിവ ചേർത്ത മത്സ്യവില്പന കണ്ടെത്തുന്നതിന് CIFT (Central Institute of Fisheries Technology ) മായി ചേർന്ന് പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി High Media Company വ്യവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപാദനം സാധ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നു. ടി ലാബുകളിൽ മത്സ്യത്തിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് Gas Chromatogrph Coupled with Mass |

| | | | |
|---|---|---|---|
| | | | Spectrophtometer (GCMS ), High Performance Liquid Chromatograph (HPLC) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകൾ നടത്തി വരുന്നു. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം 2006 പ്രകാരം നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിയ്ക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ (18004253183) ഏർപ്പെടുത്തിയിട്ടുമുണ്ട് . ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് സർക്കാർ ധനസഹായത്തോടെ മത്സ്യഫെഡ് മുഖാന്തിരം എയർകണ്ടീഷൻ ചെയ്ത 50 ഫിഷ് മാർട്ടുകൾ പ്രവർത്തിപ്പിച്ച് വരുന്നു. കൂടാതെ സർവ്വീസ് സഹകരണ ബാങ്കു/സംഘങ്ങളുമായി ചേർന്ന് 59 ഫ്രാഞ്ചൈസി ഫിഷ്ബൂത്തുകളും പ്രവർത്തിക്കുന്നു. അന്നന്നുള്ള മത്സ്യം ഗുണനിലവാരത്തോടെ ഉപഭോക്താക്കൾക്ക് നേരിട്ട് എത്തിക്കുന്നതിന് 'അന്തിപച്ച' എന്ന നാമധേയത്തിൽ 10 മൊബൈൽ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു. മത്സ്യഫെഡിൻറെ റെഡി റ്റു കുക്ക് ഉൽപ്പന്നങ്ങളായി Chilled 7 Dressed Fish, മത്സ്യകട്ലറ്റ്, മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, ഫിഷ് ഫ്രൈ മസാല, ഫിഷ് കറിക്കൂട്ട്, ചെമ്മീൻ തോടിൽ നിന്ന് ഉല്പാദിപ്പിച്ച കൈറ്റോൺ ഗുളികകളും മത്സ്യഫെഡ് ഫിഷ്മാർട്ട് വഴി വിപണനം നടത്തി വരുന്നു. |
| (ബി) | മൊബൈൽ ആപ്ലിക്കേഷൻ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും വിപണനശൃംഖലയിൽ ഉള്ളതായി പറയപ്പെടുന്ന പോരായ്മ പരിഹരിക്കാൻ ശ്രദ്ധപതിപ്പിക്കുമോ; | (ബി) | നിലവിലെ മൊബൈൽ ആപ്പ് സംവിധാനത്തിൽ കൃത്യമായ മത്സ്യവില രേഖപ്പെടുത്തുന്നതിന് കാലതാമസം അനുഭവപ്പെടുന്ന ഒരു പോരായ്മ പരിഹരിക്കുന്നതിന് ശ്രദ്ധ പതിപ്പിക്കുന്നതാണ്. |
| (സി) | കിഫ്ബി സഹായത്തോടെ ആധുനിക രീതിയിലുള്ള മത്സ്യചന്തകൾ സ്ഥാപിക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | (സി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം കിഫ്ബി ധനസഹായത്തോടെ 51 ആധുനിക മൽസ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 120.57 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. നിലവിൽ ഡി.എസ്.ആർ. റേറ്റ് റിവിഷൻ വന്ന |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതുക്കിയ കിഫ്ബി അംഗീകാരം ലഭ്യമാക്കി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കിഫ്ബിയുടെ നിർദേശം അനുസരിച്ച് KIIFB, LSGD , LSGI എന്നിവയുമായി റെവന്യൂ ഷെയറിങ് എഗ്രിമെന്റിൽ ഏർപ്പെടുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| (ഡി) | മത്സ്യഭവനുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | മത്സ്യ ഭവനങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെയും മെച്ചപ്പെടുത്തു ന്നതിന്റെയും ഭാഗമായി 100 മത്സ്യഭവനുകൾ തുടങ്ങാൻ സർക്കാർ ഉത്തരവായതിൽ 67 മത്സ്യഭവനുകൾ രൂപീകരിക്കുകയും കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണത്തിനും നിലവിലുള്ള 67 മത്സ്യഭവനുകളുടെ അധികാര പരിധി പുന:ക്രമീകരിച്ച് 100 ക്ലസ്റ്ററുകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലേയ്ക്ക് വ്യാപിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഉൾനാടൻ മേഖലയിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്ക് ഉൾനാടൻ മേഖലയിൽ 33 മത്സ്യഭവനുകൾ ആരംഭിക്കുന്നതിനായി ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ